"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് കളക്ടറേറ്റിലെ ഓദ്യോഗിക വാഹനമായ **KL-14-N-9090** നമ്പർ വാഹനം അപകടത്തിൽ പെട്ടതിനാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിച്ചു.

---

**റവന്യൂ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1257/2024/RD തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 16-03-2024-ലെ എൽ.ആർ/960/2024-എൽ.ആർ(ജി3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് കളക്ടറേറ്റിലെ അസിസ്റ്റന്റ് കളക്ടർ (UT) ഉപയോഗിച്ച് വന്ന **KL-14-N-9090** നമ്പർ ഓദ്യോഗിക വാഹനം **26-09-2023**-ന് അപകടത്തിൽ പെട്ടിട്ടുള്ളതാണെന്ന് അറിയിച്ചുകൊണ്ടും , പ്രസ്തുത വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ലേബർ ചാർജ് ഇനത്തിൽ **68,600/-** രൂപയും സ്പെയർ പാർട്സ് ഇനത്തിൽ **14,330/-** രൂപയും അപ്രതീക്ഷിത ചെലവ് ഇനത്തിൽ **170/-** രൂപയും ഉൾപ്പടെ ആകെ **83,100/-**രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും പൊതുമരാമത്തു വകുപ്പ് സാക്ഷ്യപ്പെടുത്തിയ എക്കോണമി സർട്ടിഫിക്കറ്റ് , എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് , വാഹനത്തിന്റെ ഗവണ്മെന്റ് അംഗീകൃത സർവീസ് സെന്ററിൽ നിന്നുമുള്ള എസ്റ്റിമേറ്റ്, വാഹന ചരിത്രം എന്നിവയുടെ അസ്സൽ രേഖകൾ സഹിതം ലാൻഡ് റവന്യൂ കമ്മിഷണർ പരാമർശം പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാസർഗോഡ് കളക്ടറേറ്റിലെ അസിസ്റ്റന്റ് കളക്ടർ (UT) ഉപയോഗിച്ച് വന്ന **KL-14-N-9090** നമ്പർ വാഹനത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിനായി **"2053-00-093-99-21-02** ആർ & എം" ശീർഷകത്തിൽ നിന്നും **Rs.83,100/-** (എൺപത്തി മൂവായിരത്തി ഒരുന്നൂറു രൂപ മാത്രം) ചെലവഴിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHAHANSHA A**

അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( **04-05-2024-ലെ EXP-D1/120/2024-FIN (2747887)** പ്രകാരം )
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sujith. G. R
സെക്ഷൻ ഓഫീസർ
Date: 03-06-2024 16:44:25